**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2216** **30-07-2021 - ൽ മറുപടിയ്ക്ക്**

**എരഞ്ഞിപ്പുറമ്പ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | എരഞ്ഞിപ്പുറമ്പ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് എന്നായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | എരഞ്ഞിപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് 08/09/2020 ലാണ്. |
| (ബി) | ഈ പ്രവൃത്തിയുടെ കരാർ ലഭിച്ചത് ആർക്കാണ്; | (ബി) | ഈ പ്രവർത്തിയുടെ കരാർ ലഭിച്ചത് ശ്രീ.കെ.എം.ജോർജ്ജ് കുട്ടി, കാവികുന്നേൽ വീട്, കുന്നേക്കൽ. പി.ഒ, മൂവാറ്റുപുഴ എന്നവർക്കാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി ഇതുവരെയും ആരംഭിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എഗ്രിമെന്റ് വച്ച പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്ത കരാറുകാരനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തി നാളിതുവരെ യായി ആരംഭിക്കാത്തതിനാൽ കരാറുകാരന് നിരവധി തവണ നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ ഉടമ്പടി പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ച കൊണ്ടുള്ള നോട്ടീസും നൽകിയിട്ടുണ്ട്. |
| (ഡി) | ഇത് ആരംഭിക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണം വിശദമാക്കാമോ? | (ഡി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഉടമ്പടി പ്രകാരമുള്ള നിർമ്മാണ പ്രവർത്തികൾ പമ്പ് ഹൗസ് നിർമ്മാണം, സിസ്റ്റേൻ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ, പാർശ്വഭിത്തി നിർമ്മാണം എന്നിവയാണ്. ഇവയിൽ പമ്പ് ഹൗസ് നിർമ്മാണം ഒഴികെ മറ്റ് പ്രവൃത്തികൾ ചെയ്യുന്നതിന് കരാറുകാരന് തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. എന്നാൽ പ്രവൃത്തിയുടെ പമ്പ് ഹൗസ് നിർമ്മാണം നടത്തേണ്ട സ്ഥലം പുഴയുടെ പുറമ്പോക്ക് ഭൂമിയാണ്. ഈ സ്ഥലം സ്വകാര്യ വ്യക്തിയുടെ സ്ഥലവുമായി അതിർത്തി പങ്കിടുന്നുണ്ട്. ആയതിനാൽ അതിർത്തി കൃത്യമായി നിർണ്ണയിക്കേണ്ടതായിട്ടുണ്ട്. അതിർത്തി കൃത്യമായി നിർണ്ണയിച്ച കിട്ടുന്നതിനു വേണ്ടി വില്ലേജ് ഓഫീസറോടും താലൂക്ക് സർവ്വെയറോടും അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും രേഖാമൂലം ആവശ്യപ്പെട്ടിരിക്കുകയാണ്. നിലവിൽ അതിര് നിർണ്ണയിച്ച് കിട്ടിയിട്ടില്ല. |

സെക്ഷൻ ഓഫീസർ